(ഇ) ഉണ്ട്.

(എഫ്) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ വേണ്ടി ഒരു ലേബർ അതോറിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ പുതിയ തൊഴിൽ നയം

61 (213) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ സ്ഥാപനങ്ങളിൽ മാനദണ്ഡം പാലിക്കാതെ തൊഴിലാളികളെ നിയമിക്കുവാനും പിരിച്ചുവിടാനും ചില മേഖലകളിലെ കമ്പനികൾക്ക് സ്വാതന്ത്ര്യം നൽകുന്നതിന് കേന്ദ്രഗവൺമെന്റ് ആലോചിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കുമോ ;

(സി) കേന്ദ്ര ഗവൺമെന്റിനെ ഇത്തരം നടപടികളിൽ നിന്ന് പിൻതിരിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

വൈദ്യുതി ബോർഡിന്റെ വിഭജനം

62 (214) ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. കെ. മണി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിച്ച് ലാഭകേന്ദ്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ലാഭകേന്ദ്രങ്ങളായാണ് വൈദ്യുതി ബോർഡിനെ വിഭജിച്ചിട്ടുള്ളത് ;

(സി) ഓരോ ലാഭകേന്ദ്രവും എത്ര ശതമാനം ലാഭമുണ്ടാക്കണമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ രീതിയിൽ ലാഭമുണ്ടാക്കണമെങ്കിൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എത്ര കണ്ട് വർദ്ധിപ്പിക്കണമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) യു.പി.യിൽ വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിച്ചപ്പോൾ അവിടത്തെ ജീവനക്കാർ നടത്തിയ സമരത്തോട് സംസ്ഥാന വൈദ്യുതി ബോർഡിലെ ജീവനക്കാർ അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് പണിമുടക്കു നടത്തിയിരുന്നോ ;

(എഫ്) സംസ്ഥാന വൈദ്യുതി ബോർഡിനെ ലാഭ കേന്ദ്രങ്ങൾ ആക്കിയതിൽ പ്രതിഷേധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് ജീവനക്കാർ സമരം നടത്തുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ, പൊതുമേഖലയിൽ നിർത്തിക്കൊണ്ട് തന്നെ മൂന്ന് കേന്ദ്രങ്ങളായി പുന:സംഘടിപ്പിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉൽപാദനം, പ്രസരണം, വിതരണം ഇങ്ങനെ മൂന്ന് ലാഭകേന്ദ്രങ്ങളായാണ് പുന:സംഘടിപ്പിച്ചിട്ടുള്ളത്.

(സി) ഇവ വെവ്വേറെ ലാഭമുണ്ടാക്കേണ്ടതായി വ്യവസ്ഥയില്ല.

(ഡി) പ്രസക്തമല്ല.

(ഇ) യു.പി.യിൽ ലാഭകേന്ദ്രങ്ങൾ തുടങ്ങിയതായി അറിവില്ല. യു.പി. ഇലക്ട്രിസിറ്റി ബോർഡിനെ വിഭജിച്ച് പ്രത്യേകം കമ്പനികളാക്കുന്നതിൽ പ്രതിഷേധിച്ച് അവിടത്തെ ജീവനക്കാർ പണിമുടക്കിയപ്പോൾ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിലെ വിവിധ സംഘടനകൾ ഒരു ദിവസത്തെ സൂചനാ പണിമുടക്ക് നടത്തി അനുഭാവം പ്രകടിപ്പിച്ചിരുന്നു.

(എഫ്) ഇല്ല.

ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം ഉപഭോക്താവിനെതിരെ നടപടി

63 (215) ശ്രീ. പാലോട് രവി :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്ന കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് ഉപകാരപ്രദമാണെന്ന് വൈദ്യുതിബോർഡ് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly